ശ്രീ. ടി. കെ. രാമകൃഷ്ണൻ: മക്കൾക്ക് പ്രായപൂർത്തിയായാൽ കൊടുക്കാൻ പാടില്ലെന്നു പറഞ്ഞു. അംഗവൈകല്യത്തിന്റെ പേരിൽ നാലു കൊല്ലം പെൻഷൻ കിട്ടിക്കൊണ്ടിരുന്നു. പ്രായപൂർത്തിയായ മകനും അംഗ വൈകല്യമുള്ള ആളാണ്. അങ്ങനെ വരുമ്പോൾ നിഷേധിക്കുന്നത് ശരി യാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മകനും അച്ഛനും അംഗ വൈകല്യം സംഭവിച്ചവരാണെങ്കിൽ അതു ശ്രദ്ധയിൽ പെടുത്തിയാൽ അതി നെപ്പറ്റി എന്ത് ചെയ്യണമെന്ന കാര്യം ആലോചിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സെയിൽസ് ടാക്സ് പിരിച്ചെടുക്കുന്നതിന് പരിധി

* 584 [614] ശ്രീ. പി. സീതിഹാജി: താഴെ കാണുന്ന ചോദ്യ ത്തിന് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർ ടാക്സ് പിരിച്ചെടുക്കു ന്നതിന് ഒരു വർഷം ഇത്ര രൂപ പിരിച്ചെടുക്കണമെന്ന് പരിധി നിശ്ചയി ച്ചിട്ടുള്ള വല്ല നിർദ്ദേശവും ഗവൺമെന്റ് നൽകിയിട്ടുണ്ടോ?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): സംസ്ഥാന ബഡ്ജറ്റിൽ ഒരു തുക നികുതിയിനത്തിൽ പിരിച്ചെടുക്കാനായി സർക്കാർ നിശ്ചയിക്കാറുണ്ട്. ആ തുക പിരിച്ചെടുക്കാനായി റവന്യൂ ബോർഡ് ഉദ്യോഗസ്ഥൻമാർക്ക് ഒരു ലക്ഷ്യം (target) നിശ്ചയി ക്കാറുണ്ട്.

പ്രൈവറ്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ

* 585 [618] ശ്രീ. എം. വി. രാഘവൻ:
,, പിണറായി വിജയൻ:
,, എൻ. സുബ്രഹ്മണ്യഷേണായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടു കൾ ഉണ്ട്;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ മേൽ ഗവൺമെന്റിന് വല്ല നിയന്ത്രണവും ഉണ്ടോ;

(സി) ഇല്ലെങ്കിൽ മുൻപ് നിയന്ത്രണങ്ങൾ വല്ലതും ഉണ്ടായി രുന്നോ; ഉണ്ടെങ്കിൽ എത്ര കാലം;

(ഡി) എങ്കിൽ ആ നിയന്ത്രണം എടുത്തുമാറ്റാൻ കാരണം എന്താ ണെന്നും വ്യക്തമാക്കാമോ;

(ഇ) ഇത്തരം സ്ഥാപനങ്ങൾ വിദ്യാർത്ഥികളിൽനിന്നും ഭാരിച്ച ഫീസ് ഈടാക്കുന്നതായി ഗവൺമെന്റിന് പരാതി കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു.

ഉത്തരം

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) പ്രൈവറ്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുവാൻ ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമില്ല. അതിനാൽ സംസ്ഥാനത്ത് എത്ര കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ കൈവശമില്ല.

(ബി) ഇല്ല.

(സി) ഗവൺമെന്റ് 1971-ൽ പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഈ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനും അവയുടെ പ്രവർത്തനത്തിനായി അതിന് അധികാരം നൽകിയിരുന്നു. എന്നാൽ ഒരു ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ അധികാരം റദ്ദായിട്ടുണ്ട്.

(ഡി) 1971-ൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ അംഗീകാരത്തിന് അപേക്ഷിക്കുമ്പോൾ 75 രൂപയും അംഗീകാരം പുതുക്കുന്നതിന് വർഷംതോറും 30 രൂപയും നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഈ വ്യവസ്ഥയ്ക്ക് നിയമ പ്രാബല്യം ഇല്ല എന്ന കാരണത്താൽ പ്രസ്തുത ഉത്തരവ് ഹൈക്കോടതി റദ്ദാക്കുകയുണ്ടായി.

(ഇ) ഉണ്ട്.

(എഫ്) ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ഒരു നിയമം നടപ്പാക്കുന്നതിന് നടപടി എടുത്തു വരുന്നു.

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ഈടാക്കുന്ന പലിശ നിരക്ക്

* 586 [623] ശ്രീ. എൻ. പി. മൊയ്തീൻ:

,, കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ പലിശ നിരക്ക് കൂട്ടിയതു കുറയ്ക്കണമെന്ന വല്ല നിവേദനവും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചു;

(സി) അതിന്റെ അവസാന തീരുമാനം എന്താണെന്നു വ്യക്തമാക്കാമോ?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഏതാനും നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി) ഈ കാര്യം ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(സി) അവസാനതീരുമാനമൊന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly